(സി) 20–12–1984–ൽ

(ഡി) റോഡ് നിരപ്പാക്കൽ, റീട്ടെയിനിംഗ് വാൾ കെട്ടൽ, കലുങ്കുകളുടെ നിർമ്മാണം എന്നിവ കഴിഞ്ഞു. മെറ്റലിംഗും, ടാറിംഗുമാണ് ഇനി അവശേഷിക്കുന്നത്.

(ഇ) 1986 ഡിസംബർ അവസാനത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നെടുമങ്ങാട് ബ്ലോക്കിലെ കാരമൂട്–നമ്പാട്–പടിമുഖത്തുവിള റോഡിന്റെ പണി

1681 [2530] ശ്രീ. കെ. വി. സുഭേന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് ബ്ലോക്കിന്റെ കീഴിൽ കരകുളം പഞ്ചായത്തിൽ ഉൾപ്പെടുന്ന കാരമൂട്–നമ്പാട്–പടിമുഖത്തുവിള റോഡിന്റെ പണി പൂർത്തിയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കിലോമീറ്റർദൂരം പണി പൂർത്തിയായിട്ടുണ്ട്;

(സി) ഇനി പൂർത്തിയാകേണ്ട ദൂരം എത്ര;

(ഡി) ഈ റോഡിന്റെ ജോലികൾ ആരംഭിച്ചത് എന്നാണ്;

(ഇ) ഇപ്പോൾ ജോലി നിർത്തിവയ്ക്കാനുണ്ടായ കാരണമെന്ത്;

(എഫ്) ഈ റോഡിന്റെ ജോലി പൂർത്തിയാക്കുന്നതിനുള്ള അടിയന്തിരനിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 0.70 കിലോമീറ്റർ

(സി) 1.20 കിലോമീറ്റർ

(ഡി) 1985–86–ൽ

(ഇ) 700 മീറ്റർ റോഡാണ് എസ്റ്റിമേറ്റ് ഉണ്ടാക്കി ആരംഭിച്ചത്. ഈ എസ്റ്റിമേറ്റിൻ പ്രകാരം ഉള്ള പണി തീർത്തു കഴിഞ്ഞതുകൊണ്ട് നിറുത്തിവച്ചു.

(എഫ്) നിർദ്ദേശം നൽകാം.

ആർ. എൽ. ഇ. ജി. പി. അനുസരിച്ച് കിളിമാനൂർ മണ്ഡലത്തിൽ ഏറ്റെടുത്ത റോഡുകൾ

1682 [2531] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. എൽ. ഇ. ജി. പി. അനുസരിച്ച് കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കിളിമാനൂർ, പുളിമാത്ത് പഴയകുന്നുമ്മേൽ, മുദാക്കൽ, മടവൂർ, പള്ളിക്കൽ, കരവാരം, നാവായിക്കുളം, നഗരൂർ എന്നീ പഞ്ചായത്തുകളിൽ ഇതിനകം എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്നും, അവ ഏതെല്ലാം റോഡുകളാണെന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഏതെല്ലാം വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അതിലേക്കുവേണ്ടി എന്തു തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പൂർത്തീകരിച്ചിട്ടില്ലാത്തവ ഏതൊക്കെയാണ്; അവയുടെ എസ്റ്റിമേറ്റ് എത്രയാണ്;

(ഡി) അവ താമസംവിനാ പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കിളിമാനൂർ–മാവുവിള–ഇടമുറി–കരിക്കകം റോഡ്
പുളിമാത്ത്–റോഡ് ഏറ്റെടുത്തിട്ടില്ല.
പഴയകുന്നുമ്മൽ–കിളിമാനൂർ പോലീസ് സ്റ്റേഷൻ
മൊട്ടക്കുഴി–ചാവേറ്റിക്കോട്–തൊളിക്കുഴിറോഡ്.
പള്ളിക്കൽ–റോഡ് ഏറ്റെടുത്തിട്ടില്ല.
മടവൂർ ,,
മുദാക്കൽ ,,
കരവാരം ,,
നഗരൂർ ,,
നാവായ്ക്കുളം–എൻ. എച്ച്. 47 മുതൽ കാട്ടുപുതുശ്ശേരി റോഡ്.

(ബി) ഒന്നും പൂർത്തീകരിച്ചിട്ടില്ല. പണികൾ നടന്നുകൊണ്ടിരിക്കുന്നു. ഇതുവരെ ചെലവായ തുക 12,84,578 രൂ.

(സി) മാവുവിള–ഇടമുറി–കരിയ്ക്കകം റോഡ് 3,12,500 രൂ. കിളിമാനൂർ പോലീസ് സ്റ്റേഷൻ–രാമാട്ടുക്കുഴി ചാവേറ്റിക്കോട്–തൊളിക്കുഴിറോഡ് 13,07,000 രൂ. എൻ. എച്ച്. 47–കാട്ടുപുതുശ്ശേരി റോഡ് 8,10,000രൂ.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

എൻ.ആർ.ഇ.പി. അനുസരിച്ച് കിളിമാനൂർ മണ്ഡലത്തിൽ ഏറ്റെടുത്ത റോഡുകൾ

1683 [2532] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.ഇ.പി. അനുസരിച്ച് കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പഴയകുന്നുമ്മേൽ, നഗരൂർ, കിളിമാനൂർ എന്നീ പഞ്ചായത്തിൽ ഇതിനകം എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്നും അവയെല്ലാം റോഡുകളാണെന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അതിലേക്ക് വേണ്ടി എന്തുതുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ

(സി) ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്നും അവയുടെ എസ്റ്റിമേറ്റ് എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) അവ താമസംവിനാ പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly